**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1820** **01.11.2019 ൽമറുപടിയ്ക്ക്**

## സ്കൂൾ വാഹനങ്ങളിലെ സുരക്ഷാ സംവിധാനം

| ചോദ്യം<br>ശ്രീ. സി. ദിവാകരൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സ്കൂൾ വാഹനങ്ങളിലെ സുരക്ഷാ സംവിധാനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സ്കൂൾ ബസ്സുകളുടെയും വിദ്യാർത്ഥി - വിദ്യാർത്ഥിനികൾ യാത്ര ചെയ്യുന്ന മറ്റു വാഹനങ്ങളുടേയും സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരന്തരം ജാഗ്രത പുലർത്തുന്നുണ്ട്. എല്ലാ അദ്ധ്യയന വർഷാരംഭത്തിലും എല്ലാ സ്കൂൾ ബസ്സുകളും പരിശോധിച്ച് വാഹനങ്ങളുടെ ഉടമസ്ഥത, വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ, ബാഗുകൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം, വാതിലുകൾ, ഷട്ടറുകൾ എന്നിവ പരിശോധിച്ച് യോഗ്യമായവ സ്റ്റിക്കർ പതിപ്പിച്ചു നൽകുന്നുണ്ട്. യാത്രാ ബസ്സുകളിൽ കുട്ടികളെ കയറ്റുകയും അവരോട് ബസ് ജീവനക്കാർ മാന്യതയോടെ പെരുമാറുന്നു എന്ന് ഉറപ്പു വരുത്തുന്നതിനായി ബസ്സ് സ്റ്റാൻഡ്, സ്കൂൾ പരിസരം എന്നിവിടങ്ങളിൽ പ്രത്യേക പരിശോധനകളും നടത്തുന്നുണ്ട്. കേരള മോട്ടോർ വാഹന ചട്ടം 153 ഡി പാലിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി സ്കൂൾ വാഹനങ്ങളും കുട്ടികളെ കയറ്റുന്ന മറ്റു വാഹനങ്ങളും നിരന്തരം പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. അമിതമായി കുട്ടികളെ കയറ്റി വരുന്ന വാഹനങ്ങളുടെ ഡ്രൈവർമാരുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനും, അത്തരത്തിലുള്ള ആട്ടോറിക്ഷകളുടേയും സ്കൂൾ വാഹനങ്ങളുടേയും പെർമിറ്റ് റദ്ദ് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ സ്കൂളുകളിലും ഒരു അദ്ധ്യാപകനെ/ അദ്ധ്യാപികയെ നോഡൽ ഓഫീസർ ആയി നിയമിക്കുവാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എല്ലാ സ്കൂൾ വാഹനങ്ങളിലും ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെയും, വിദ്യാർത്ഥികളുടെയും സുരക്ഷിതത്വവും പൊതുവായി റോഡ് സുരക്ഷയും ഉറപ്പാക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് തയ്യാറാക്കിയിട്ടുള്ള വാഹന നിരീക്ഷണ സംവിധാനമാണ് സുരക്ഷാമിത്ര. മോട്ടോർ വാഹന |

| | | | |
|---|---|---|---|
| | | | വകുപ്പും സി-ഡാക്കും ചേർന്ന് തയ്യാറാക്കിയ ജി.പി.എസ് അധിഷ്ഠിത വാഹന നിരീക്ഷണ സംവിധാനത്തിനായി തിരുവനന്തപുരത്ത് വഴുതക്കാട്ടുള്ള ഗതാഗത കമ്മീഷണറുടെ ഓഫീസ് പ്രവർത്തിക്കുന്ന ട്രാൻസ് ടവറിൽ സംസ്ഥാനതല മാസ്റ്റർ കൺട്രോൾ റൂമും, 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ മിനി കൺട്രോൾ റൂമും സജ്ജമാക്കിയിട്ടുണ്ട്. ഈ സംവിധാനം വഴി വാഹനങ്ങളുടെയും യാത്രക്കാരുടെയും സുരക്ഷയ്ക്കും എൻഫോഴ്സ്മെന്റിനുമായി നിരന്തരമായി നിരീക്ഷണം നടത്തുവാൻ കഴിയുന്നതാണ്. വാഹനങ്ങൾ അപകടത്തിൽപ്പെടുകയോ യാത്രയ്ക്ക് ഭംഗം വരുകയോ യാത്രക്കാർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള ഉപദ്രവങ്ങൾ ഉണ്ടാകുകയോ ചെയ്താൽ അടിയന്തര സന്ദേശം നൽകി സഹായ അഭ്യർത്ഥന നടത്താനുള്ള സംവിധാനവും ക്രമീകരിച്ചിട്ടുണ്ട്. വാഹനങ്ങളുടെ അമിത വേഗതയും യാത്രാ തടസ്സങ്ങളും റൂട്ട് മാറിയുള്ള സഞ്ചാരങ്ങളും ഈ സംവിധാനം വഴി നിരീക്ഷിക്കുവാനും നടപടി സ്വീകരിക്കുവാനും കഴിയുന്നതുമാണ്. നിലവിൽ ജി.പി.എസ്.അധിഷ്ഠിത വാഹന നിരീക്ഷണ സംവിധാനത്തിന് പ്ലാൻ ഫണ്ടിൽ നിന്നും ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ